ഉത്തരം

(എ) ഉണ്ട്. 1950 മുതൽ വർഷംതോറും നടത്തിവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ശരാശരി ഗാർഹിക ചെലവ്, തൊഴിലവസ്ഥ, അസംഘടിത മേഖലയിലെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം, ആരോഗ്യവും രോഗാതുരതയും, കട ബാധ്യത എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പഠനമാണ് സർവ്വെ കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ഈ സർവ്വെ പ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

(ഡി) ആവശ്യപ്പെട്ടിട്ടില്ല.

സംസ്ഥാന സർക്കാർ നേരിടുന്ന അടിയന്തിര പ്രശ്നങ്ങൾ

8 [2488] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ള അടിയന്തിര പ്രശ്നങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുഭാവപൂർവ്വമായ മറുപടിയാണോ ലഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പുതിയ കേന്ദ്ര സർക്കാർ കേരളത്തിന്റെ ഏതെങ്കിലും ആവശ്യം അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പ്രശ്നങ്ങളിൽ താഴെപ്പറയുന്ന ചില ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ എന്നിവയ്ക്കുള്ള അനുമതി, പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രത്യേക നിധി അനുവദിയ്ക്കുക, എഫ്.എ.സി.ടി. പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള നടപടി, സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം നൽകുന്ന വായ്പയുടെ പലിശയിൽ ഇളവു വരുത്തുക, നിലവിലുള്ള റെയിൽവേ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിയ്ക്കുക, കൊപ്രയുടെ താങ്ങുവില ഉയർത്തുക, വരൾച്ചാ ദുരിതാശ്വാസത്തിനായി കൂടുതൽ തുക അനുവദിയ്ക്കുക, വിദേശ ഇൻഡ്യാക്കാരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് കൂടുതൽ സൗകര്യമേർപ്പെടുത്തുക, ആറളം ഫാം സംസ്ഥാനത്തിന് വിട്ടു തരിക, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽകോളേജുകളുടെ നവീകരണത്തിന് തുക അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly